# പ്രഭാതം



# ജി.എച്ച്. എസ്സ്. എസ്സ്. കക്കോടി





## മഞ്ഞു പുതപ്പിനടിയിൽ

[യത്രവിവരണം]

പ്രഭാത സൂര്യൻെറ കിരണങ്ങൾ മുഖത്തു പതിച്ചപ്പോഴാണ് കണ്ണുകൾ തുറന്നത് ഉറക്കത്തിൻെറ അലസ്യതയിൽ നന്നുണർന്ന ഒരു മനുഷ്യൻെറ ചടവോടെ ഞാൻ പുറത്തേക്ക് നോക്കി. ബസ്സിൻെറ ഗ്ലാസിലൂടെ കണ്ടത് ഒരുകിയ സ്വർണാദരണത്തൻെറ തിളക്കത്തോടെ ഉദിച്ചു നിൽക്കുന്ന പ്രഭാതംശുവിനെ . തൊട്ടുതാഴെ തലയെടുപ്പൊടെ ഉയർന്നുനിൽക്കുന്ന വൻമലകൾ.പച്ചപുതച്ച് ഹരിതമനോഹര-കളായ അവർ സൂര്യൻെറ കിരണങ്ങളാൽ വെട്ടിതിളങ്ങുന്നു. പെട്ടന്ന് ബസ്സിൻെറ വേഗം കൂടി.ചെടികളും മരങ്ങളും എല്ലാം വേഗത്തിൽ പിറകോട്ടൊടുന്നു . അൽപ്പം ദൂരെ ഒരു മഞ്ഞ ബോർഡിൽ ഗുണനചിഹ്നത്തിൽ വച്ച എല്ലുകൾക്കും തലയോട്ടിക്കും താഴെ ചുവന്ന അക്ഷരത്തിൽ എഴുതിയത്



തെളിഞ്ഞുകാണാനായി .മഹാൽഭുതം  കാണാൻ പോകുന്ന -വൻെറ സിജ്ഞാസയോടെയും കൗതുകത്തോടെയും എൻെറ കണ്ണുകൾ ആ അക്ഷരങ്ങൾക്ക് മുകളിലൂടെ നീങ്ങി.
മനസ്സിൽ ആ നാമം ഉരുവിട്ടു " സൂയിസൈഡ് പോയൻറ് "

ബസ്സിൽ നിന്നിറങ്ങിയ ശേഷം പതിയെ നടന്നു .കാറ്റിന്യമേറിയ ലോഹകമ്പികളാൽ നിർമിതമായ പ്രവേശനനിയന്ത്രണ ഭിത്തിക്കരി-കിൽ എത്തി. ഭിത്തിയുടെ അഴിക-ളിലൂടെ വിടർന്ന കണ്ണുകളിലൂടെ അകത്തേക്കുനോക്കിയ എൻെറ മനസ്സിൽ ഭയാനകതയുടെയും ശാന്തി -സമാധാനങ്ങളുടെയും മൂർത്തിഭാവങ്ങൾ ഒന്നിച്ച് അലയടിച്ചു പോയി . മൂടികെട്ടിനിന്ന മഞ്ഞിനിടയിലൂടെ അഗാധതയിലേക്ക് നീണ്ടുനിവർന്ന് കിടക്കുന്ന ഒരു വൻ ഗർത്തം . പ്രകൃതിയുടെ ഹരിത ഭിത്തിയാൽ ചുറ്റപ്പെട്ടുനിൽകുന്ന ആ ഗർതത്തിൻെറ വശങ്ങളിൽ തകർന്ന വാഹനങ്ങളെ കാണാമായിരുന്നു .കുറച്ചു മുൻപ് വഴിയിൽ വെച്ച് മലഞ്ചെരുവുകളിൽ കണ്ടിരുന്ന തകർന്നുകിടക്കുന്ന വാഹനങ്ങൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന ഭീകരമായ ആ സത്യം അപ്പോഴാണ് മനസ്സിൽ മറനീങ്ങിവന്നത് .
കുപ്രസിദ്ധമായ ആ ആത്മഹത്യ ഗർത്തത്തിന് മുന്നിൽ നിന്ന് ആ ആഴങ്ങളിലേക്ക് നോക്കിയ-പ്പോൾ മനസ്സിൽ ഉൾകിടിലം സ്രിഷ്ടിക്കുന്ന ഒരു തരം കോരിത്തരിപ്പ് നുരഞ്ഞുപൊങ്ങി വന്നു .ജീവിതത്തിൻെറ എല്ലാ സുഖ -സമാധാനങ്ങളും നശിച്ച് ,സ്വയം ഹത്യഅവസാന ഹോം



വഴിയായി കണ്ട് , ജീവിത മോക്ഷം നേടാതെത്തുന്നവരുടെ
ഇഷ്ട കേന്ദ്രവും വിനോദ സഞ്ചാരികളുടെ ആകാംക്ഷ പാത്രവുമായ
ആ ഗർത്തത്തിന് മുന്നിൽ എത്ര നേരം അങ്ങനെ നിന്നുവന്നത്
ഓർക്കുന്നില്ല. ജീവതത്തിൽ ഇതുവരെ കണ്ടതിൽ വച്ച് ഏറ്റവും
മനോഹരമായ കാഴ്ച്ച എന്നാൽ കാലിൻെറ പെരുവിരൽ മുതൽ
തലമുടിവരെ മരവിപ്പിക്കുന്നതുമായിരുന്നു



പ്രകൃതി നമുക്ക് നൽകാനായി
ഒരുക്കി വച്ച അൽഭുതങ്ങളിൽ
അടങ്ങിയ ഭീകരവശവും
മനോഹാരിതയും ഒന്നിച്ച് ചേർന്ന്
ഒരുങ്ങിയ ആ ഗർത്തത്തിനെ കണ്ടപ്പോൾ പൗരുഷവും
കോമളഭ്രഢതയും ഒന്നിച്ചേർന്ന  ശ്രീകൃഷ്ണൻെറ മുഖം മനസ്സിലൂടെ
കടന്നുപോയി .
വാനരന്മാർ ഓടിനടന്നിരുന്ന ആപ്രദേശം സൂര്യൻ ഉയരുന്നതി -
നനുസരിച്ച് പക്ഷി -മൃഗാതികളുടെ കലപില ശബ്ദത്താൽ
മുഖവരിതമായികൊണ്ടിരുന്നു . വാനരന്മാരുടെ കൂട്ടത്തിലെ
രോമം നഷ്ട്പ്പെട്ട വയസ്സൻ കുരങ്ങിനെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.
വാർധക്യം തളർത്തിയ അത് ഓരോ ചുവടും വെച്ചുവെച്ചാണ്
നടന്നിരുന്നത് . അടുത്തുള്ള ചായക്കടയിൽ നിന്ന് ചായക്കുടിക്കു-
മ്പോൾ അതിൻെറ ചൂടിനെക്കാളുപരി ഗർത്തത്തിൻെറ മരിവിപ്പാണ്
മനസ്സിൽ തങ്ങിനിന്നത് . ചായ കഴിഞ്ഞ് തിരിച്ചെത്തിയപ്പോ-
ഴേക്കും ആ വയസ്സൻ കുരങ്ങനെ കാണാതായിരുന്നു. തിരിച്ച്
യാത്ര തിരിക്കും വരെ കണ്ണുകൾ അതിനെ പരത്തികൊണ്ടിരുന്നു
എന്നാൽ കണ്ടെത്താനായില്ല . ഒരുപക്ഷെ, ആ മൃതപ്രായൻ
ആ ഗർത്തത്തിൻെറ അഗാധതയിലൂടെ പ്രകൃതിയിൽ ലയിച്ചു
കാണണം......................

## • ആൽകെമിസ്റ്റ്

ആസ്വാദനം

പൗലോ കൊയ്ലോവിൻെറ ആൽകമിസ്റ്റ് എന്ന കഥ സ്വപ്നങ്ങൾ തേടിയിറ-ങ്ങുന്ന സാൻറിയാഗൊ എന്ന ബാലൻെറ കഥ-യാണ്. ലോകപ്രശസ്ത ബ്രസീലിയൻ സാഹി-ത്ത്യകാരനായ പൗലോ കൊയ്ലൊ ആണ് ഈ കഥ എഴുതിയത് . സ്പെയ്നിലെ പ്രശസ്സത്തമായ ഒരു തീർത്ഥാടന കേന്ദ്രത്തിൽ വെച്ചുണ്ടായ അനുഭവത്തിൻെറ പ്രചോദനത്തിലാണ് ബ്രസീ-ലിയൻ സാഹിത്യകാരനായ പൗലോകൊയ്ലൊ കഥയെഴുത്തിലേക്ക് തിരിഞ്ഞത് . അതിനുമുൻപ് അദ്ദേഹം നാടകകൃത്തും നാടക സംവിധായകനും ഗാനരചയ്ത്താവുമായിരുന്നു . പിൽഗ്രിമേജ് എന്ന തൻെറ പുസ്തകത്തിൽ കൊയ്ലൊ ഈ അനുഭവം രേഗപ്പെടുത്തിയിട്ടുണ്ട്. അടുത്ത പുസ്തകമായ ആൽകെമിസ്റ്റ് അദ്ദേഹത്തെ ലോക പ്രശസ്തനാക്കി .ഐഹികജീവിതത്തിന് ദൈവികമായ സൗരഭ്യം നൽകുന്ന വഴിയാണ് എഴുത്തുകാരൻെറത് .

ഒരു സ്വപ്നദർശനത്തിൻെറ പ്രേരണയിൽ സേൻറിയാഗോ എന്ന ഇടയബാ-ലൻ നടത്തുന്ന യാത്രയാണ് ആൽകെമിസ്റ്റി-ൻെറ പ്രതിപാദ്യം. അതിനാൽ ഇതിനെ യാത്ര -യുടെ പുസ്തകമെന്ന് വിളിക്കാം . എന്നാൽ സാ-ധാരണ യാത്രയല്ല . ജീവിതത്തിലൂടെ സന്ധേ-ഹിയായ മനുഷ്യൻ നടത്തുന്നയാത്രയാണ് . ആട്ടിടയനായ സാൻറിയാഗൊ ഈജിപ്തിലെ പിരമിടിനു സമീപം ഒരു നിധിയുണ്ടന്ന് ഒരു സ്വപ്നം കാണുന്നു ജീവിത സുഖം മോഹിച്ച് ഈ നിധി തേടിപോകുന്ന സേൻറിയാഗൊയുടെ യാത്രയും മുഖമുഖം നടത്തുന്ന സ്ഥലങ്ങൾ, ആളുകൾ , സംഭവങ്ങൾ എന്നിവയും അവതരി-പ്പിക്കുന്നു.സ്വപ്നം വിശകലനം ചെയ്യുന്ന വൃ-ദ്ധരാജാവെന്ന് സ്വയം പരിചയപ്പെടുത്തുന്ന ആൾ , ബേകറികാരൻ, മരുഭൂമി തുടങ്ങിയവ ഈ കഥയിൽ പ്രധാന കഥാപാത്രമാകുന്നു.

# സന്യാസിയുടെ സത്യം

ഒരു നാട് ആ നാട്ടിൽ ജീവിച്ചിരുന്ന മനുഷ്യരെല്ലാം തന്നെ സുഖവും ദുഖവും അനുഭവിക്കുന്നവരാണ്. അങ്ങനെ ഒരു ദിവസം ഒരു സന്യസി ആ നാട്ടിൽ താമസമാക്കി. ആ സന്യസി സുഖങ്ങൾ മാത്രം അസ്വദിച്ച് ജീവിക്കുന്ന മനുഷ്യരെ കണ്ട് ചേദിച്ചുനിങ്ങൾ ഇത്രയും സന്തോഷത്തോടെയും സമാധനത്തോടെ ജീവിക്കുന്ന എന്നാൽ സുഖം എന്താണെന്നും സമാധാനം

# വൈലോപ്പിള്ളി ശ്രീധരമേനോൻ

## ജീവചരിത്രം

മലയാളത്തിലെ പ്രമുഖ കവി.1911-ൽ എറണാകുള-ത്ത് ജനിച്ചു.അധ്യാപകനായിരുന്നു.കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ,മദ്രാസ് ഗവ-ൺമെൻ്റ അവാർഡ്,എം.പി. പോൾ പ്രൈസ്,ഓ-ടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.1985-ൽ അന്തരിച്ചു. പ്രധാനകൃതികൾ:കുടിയൊഴിക്കൽ,കയ്പവല്ലരി,വിട,ശ്രീരേഖ,ഓണപ്പൊട്ടകാർ,കന്നി-ക്കൊയ്ത്ത്,മകരകൊയ്ത്ത്,വിത്തുംകൈക്കോട്ടും,കടൽ-കാക്കകൾ,കാവ്യലോക സ്മരണകൾ.

"ഞാനെൻെറ വാല്മികത്തിൽ ഇത്തിരി നേരം

ധ്യാനലിനനായ് ഇരുന്നത് മൗനമായി മാറാനല്ല.

മൗനത്തെ മഹാശബ്ദമാക്കുവാൻ നിശ്ചഞ്ചല ധ്യാനത്തെ

ചലനമായ്,ശക്തിയായ് ഉണർത്തുവാൻ.

അന്തരിന്ദ്രീയ നാഭീ പത്മത്തിനുള്ളിൽ പ്രാണസ്പന്ദനങ്ങൾ-

തീർക്കാൻ അവയും ഞാനും തമ്മിൽ ഒന്നാകാൻ"

-വയലാർ-

"മറ്റൊന്നിനേയും

തൊട്ടുരുമ്മി കൊണ്ടല്ല

സ്നേഹം നിലനിൽക്കുന്നത്

അത് കലർപ്പില്ലാത്ത

കൂട്ടുകെട്ടില്ലാത്ത

ഏകാന്താമായ ഒന്നാണ്

അത് ശുദ്ധമാണ്

അതിന് മറ്റൊരു പാഠവും

പഠിക്കേണ്ടതില്ല !"




-മാധവിക്കുട്ടി-

" എൻെറ എഴുത്തുകൾ വായിച്ച്

ഏറ്റവും കൂടുതൽ

ചിരിച്ചത് ഞാനായിരിക്കും



കരഞ്ഞതും ഞാനായിരിക്കും
കാരണം അതൊക്കെയും
എൻെറ അനുഭവങ്ങളായിരുന്നു!”


- വൈക്കം മുഹമ്മദ് ബഷീർ

-



"ഇരുളിൽ നിന്നെന്നുമിരുളിലേയ്ക്കും സ്വയം
മരുവിൽ നിന്നെന്നും മരുവിലേയ്ക്കും
പലയുഗമായിക്കടന്ന ചുറ്റിത്തിരി-
ഞ്ഞലയും മനസ്സിന് ദുരന്തദാഹം"

-ജി.ശങ്കരക്കുറിപ്പ് -




"വലിയൊരു ലോകം മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
“സ്വയം നന്നാവുക”!"

-കുഞ്ഞുണ്ണി മാഷ് -

"പ്രാർത്ഥന കൊണ്ട്
നിങ്ങൾക്ക് മഴപെയ്യിക്കാനോ

വെള്ളപ്പൊക്കം തടയാനോ
സാധിക്കില്ല അതുപോലെ
തന്നെയാണ് നിങ്ങളുടെ
മറ്റെല്ലാ പ്രാർത്ഥനകളും"



- സ്റ്റിവ് ആലൈൻ -

" പരിശുദ്ധി,നിസ്വാർത്ഥത,സ്നേഹം
മുന്നമുള്ളയളെ തകർക്കാൻ
സൂര്യന്റ കീഴെയോ ഉപരിയോ
യാതോരു ശക്തിക്കുമാവില്ല
ഇവയുള്ള വ്യക്തിക്ക് മുഴുവൻ
ലോകത്തിൻെറയും എതിർപ്പിനെ
നേരിടാനാവും"



- സ്വാമി വിവേകാനന്ദൻ

-

# കടൽ

ഒരു കൂട്ടം വെള്ളത്തുള്ളികൾ
ഒന്നിച്ചിരുന്ന സങ്കടം പറയുന്നു
ചിലതുള്ളികൾ ചിരിക്കുന്നു, ചില
തുള്ളികൾ തുള്ളുന്നു
ചിലരുടെ തുള്ളിച്ചാട്ടങ്ങൾക്കിടയിൽ
മറ്റ് ചില തുള്ളികളുടെ കണ്ണുനീരുകൾ
മറയ്ക്കപ്പെടുന്നു.......

ദുഃഖം സഹിക്കാനാവാതെ,
അവഗണനകൾ ഏറ്റുവാങ്ങാനാകാതെ
ചില തുള്ളികൾ ആഞ്ഞടിക്കുന്ന
അലകളിലേക്ക് ചാടി
അത്മഹത്യ ചെയ്യുന്നു




**താഴേക്ക് :**

*1. ദക്ഷിണേന്ത്യയിലെ പ്രശസ്തനായ കവി?*
*2. ഒരു പണയപ്പാട്ട വ്യവസ്ഥ?*
*4. ഭൂമിയുടെ അവകാശികൾ?*
*6. പെരുമാൾ കാലത്തെ നികുതി ഇളവ്?*

***വലത്തേക്ക് :***

3. കണ്ണശൻ മലയാളത്തിൽ എഴുതിയ കാവ്യ-
മാണ് ഇത്?
5. കൃഷി ഭൂമിയിൽ കൃഷിചെയ്തിരുന്നവർ
അറിയപ്പെട്ടത് ഇങ്ങനെയാണ്?
7. നാട്ടുവാഴികളുടെ കൈവശമുള്ള ഭൂമി
അറിയപ്പെടുന്നത് ഇങ്ങനെയാണ്?
8. കേരളീയരുടെ ഉത്സവം?



# പ്രകൃതി പ്രതിഭാസങ്ങൾ

പ്രകൃതിദുരന്തങ്ങൾ മനുഷ്യരുടെ പ്രവചനങ്ങൾക്കും കണക്കു-കൂട്ടലുകൾക്കും അപ്പുറത്തുള്ള പ്രതിഭാസങ്ങളാണ്. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവുന്നത് സർവ്വസാധാരണയായി തീർത്തിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങൾ മനുഷ്യർക്ക് ദുരിതങ്ങ-ളുണ്ടാക്കുന്നവയാണ്. സുനാമി, ഭൂകമ്പം, വരൾച്ച, വെള്ളപ്പൊ-ക്കം, ചുഴലിക്കാറ്റ്, അഗ്നിപർവ്വത സ്ഫോടനം, ഇടിമിന്നൽ എന്നിവ പ്രകൃതി ദുരിതങ്ങളിൽ ചിലതാണ്.

കടലിന്റെ അടിഭാഗത്തു-ണ്ടാകുന്ന ഭൂകമ്പങ്ങൾ, അഗ്നിപർവ്വത സ്ഫോടനങ്ങൾ മുതലാ-യവ വൻ തിരമാലകൾ ഉണ്ടാക്കുന്നു. ഇവയാണ് സുനാമികൾ കരയിലേക്ക് ഇരമ്പിക്കയറുന്ന സുനാമികൾ വൻ നാശനഷ്-ടങ്ങൾ ഉണ്ടാക്കുന്നു. ഭൂമിയുടെ ഉൾഭാഗത്ത് ഉണ്ടാകുന്ന വലി-യ ചലനങ്ങളാണ് ഭൂകമ്പങ്ങൾ.

വെള്ളപ്പൊക്കം മൂലം കൃഷി നാശം,-യാത്രാദുരിതം, പകർച്ചവ്യാധികൾ എന്നിവ ഉണ്ടാകും. ഭൂമി-യെ സംരക്ഷിക്കാതെ കുന്നും മലയും ഇടിച്ച് കൃഷി ഭൂമികൾ നികത്തുന്നതിന്റെയെല്ലാം ഫലമായാണ് ഈ ദുരന്തങ്ങൾ ഉണ്ടാകുന്നത്. ഇത് തടയണം.

ഒരു കാലഘട്ടത്തിൽ വെള്ളപ്പൊക്കം ജനങ്ങൾ സ്വാഗതം ചെയ്യാറുണ്ടായിരുന്നു. വെള്ളപ്പൊക്ക-മൂലം കൃഷിസ്ഥലങ്ങളിൽ അടിഞ്ഞു ചേരുന്ന എക്കൽ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിച്ചിരുന്നു. വെള്ളപ്പൊക്കം മു-ൻ കൂട്ടി കാണാനും അതിനെ നേരിടാനും അവർ തയ്യാ-റായിരുന്നു.

എന്നാൽ വനനശീകരണം, ജലാശയങ്ങൾ നികത്തൽ, മണൽവാരൽ, അനധികൃതമായ ജലാശയ കൈയ്യേറ്റം, കുന്നിടിക്കൽ എന്നിവ വെള്ളപ്പൊക്കത്തിന്റെ വ്യാപ്തിയും ദൈ-ർഘ്യവും വർദ്ധിച്ചു. വെള്ളപ്പൊക്ക ദുരന്തങ്ങൾ രാജ്യത്ത് പെരുകാൻ ഇത് കാരണമാകുന്നു.

# സ്നേഹത്തിൻെറ വർത്തമാനം

എൻെറ ഭൂമിയമിയായി വെള്ളമായി വായുവായ്
എൻെറ നിത്യനിദാനമാം സ്നേഹമേ ,
നെഞ്ചിൽ നീർവീഴ്ച്ച ഞെക്കി നെരുക്കവേ
നെല്ലരിത്തിള വെള്ള പകർച്ചയായി
എൻ മുറിപ്പാട് പൊത്തിപൊതിഞ്ഞിട്ടും
പഞ്ഞിയായ് നേർത്ത ശീലയായി ചിന്തലായി
എൻെറ വേരിൻെറ മണ്ണിൽ വളങ്ങളായ്
എൻെറ ചില്ലയ്ക്ക് സൂര്യപ്രകാശമായിച്ചമായി
എൻെറ അന്നമായി ഉപ്പായി അനച്ചമായി
എൻെറ നിത്യനിദാനമാം സ്നേഹമേ........

അനുസ്മരണം

## ലിനി


മലയാളികൾ ഹൃദയത്തിൽ
എഴുതിയ പേര് ആതുരസേവ-
നംഗത്ത് നമ്മുടെ അഭിമാനം
നിപ്പവയറസ് രോഗകളെ
ശുശ്രൂഷിക്കുന്നതിനിടെ
വൈറസ് ബാധയേറ്റ് നമ്മോട്
വിടപറഞ്ഞ ലിനി പുതുശ്ശേ-
രിയുടെ പാവന സ്മരണയ്ക്കു
മുന്നിൽ ആദരാഞ്ജലികൾ
അർപ്പിച്ചുകൊണ്ട് ഞങ്ങളിവിടെ സമർപ്പിക്കുന്നു.



## നിപ്പ വൈറസ്

“കേരളക്കരയെ ഞെട്ടിവിറപ്പിച്ച് ഒരു ഭീകരത സൃഷ്ടിച്ച മരണ
കെണിയായിരുന്നു നിപ്പവൈറസ്. കേരളമാകെ എന്ത് ചെയ്യണം
എന്നറിയാതെ സ്തംഭിച്ചു നിന്ന നിമിഷം , ആരോഗ്യ മേഖലയുടെ
ഊർജവും , നിയമ പാലകരുടെ മനക്കരുത്തും സമ്മാനിച്ച്
മുന്നോട്ട് നടന്ന ജനത..... നമ്മൾ.”

പൊതുവെ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക്
പകരുന്ന അസുഖമാണിത. വൈറസ്
ബാധയുള്ള വവ്വാല്യകളിൽ
നിന്നോ, പന്നികളിൽ നിന്നോ ഇത്
മനുഷ്യരിലേക്ക്
പകരുകയാണ് ചെയ്യുന്നത. മനുഷ്യരിൽ നിന്ന്
മനുഷ്യരിലേക്കും



പകരാം. ശ്രദ്ധിച്ചില്ലെങ്കിൽ അസുഖബാധിയുള്ളവരെ പരിചരി-
ക്കുന്നവരിലേക്കും രോഗം പകരാം . വൈറസ് ബാധയുള്ള വവ്വാ-
ലുകളുടെ കാഷ്ഠം കലർന്ന പാനീയങ്ങളും വവ്വാൽ കടിച്ച
പഴങ്ങളും കഴുക്കുന്നതിലൂടെയും രോഗം പകരാം.

അതിജീവനത്തിൻെറ കേരളം

ഒരു നാടിനെ ഇല്ലായ്മ ചെയ്യാൻ എത്തിയ
ഈ നിപ്പ എന്ന കേരള ജനത എന്നാൽ നമുക്ക് അഭിമാനിക്കാം.
ഞാനെന്നൊ നീയ്യന്നൊ വ്യത്യാസമില്ലാതെ നമുക്ക് നമ്മളുണ്ട്
എന്ന ഒറ്റ ആശയത്താൽ മാനവ ജീവനെ കാർന്നു തിന്നാൻ
എത്തിയ നിപ്പ എന്ന മഹാ
രോഗത്തെ മനക്കരുത്ത്
കൊണ്ട്
നേരിട്ടവരാണ് നമ്മൾ .
ഓരോ നിമിശവും
അഭിമാനിക്കാം നാം
ഒരു കേരളീയ്യതിൽ.



# സ്നേഹത്തിൻെറ വർത്തമാനം

എൻെറ ഭൂമിയമിയായി വെള്ളമായി വായുവായ്
എൻെറ നിത്യനിദാനമാം സ്നേഹമേ ,
നെഞ്ചിൽ നീർവീഴ്ച്ച ഞെക്കി നെരുക്കവേ
നെല്ലരിത്തിള വെള്ള പകർച്ചയായി
എൻ മുറിപ്പാട് പൊത്തിപൊതിഞ്ഞിട്ടും
പഞ്ഞിയായ് നേർത്ത ശീലയായി ചിന്തലായി
എൻെറ വേരിൻെറ മണ്ണിൽ വളങ്ങളായ്
എൻെറ ചില്ലയ്ക്ക് സൂര്യപ്രകാശമായിച്ചമായി
എൻെറ അന്നമായി ഉപ്പായി അനച്ചമായി
എൻെറ നിത്യനിദാനമാം സ്നേഹമേ........

## പഴംചൊല്ലുകൾ

- . കുന്തം പോയാൽ കുടത്തിലും തപ്പണം
- 2. നടു കടലിൽ ചൊന്നാലും നായ നക്കിയേ കുടിക്കു
- 3. പിള്ള മനസ്സിൽ കള്ളമില്ല
- 4. മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല
- 5. വേണേൽ ചക്ക വേരിലും കായിക്കും
- 6. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
- 7. ചുട്ടയിലെ ശീലം ചുടലവേ
- 8. അരിയെറിഞ്ഞാൽ ആയിരം കാക്ക
- 9. തീയ്യിൽ കുരുത്തത് വെയിലത്ത് വാടുമോ?
- 10. എരുതിയിൽ എണ്ണ ഒഴിക്കരുത്
- 11. അടി തെററിയാൽ ആനയും വീഴും
- 12. ആന മെലിഞ്ഞാൽ കൊഴുത്തിൽ കെട്ടാമോ?
- 13. കുരയ്ക്കും പട്ടി കടിക്കില്ല
- 14. ചന്ദനം ചാരിയാൽ ചന്ദനം മണക്കും ചാണകം ചാരിയാൽ
- 15. മിന്നുന്നതല്ലാം പൊന്നല്ല

# നാം കണ്ട പ്രകൃതി

നീല കണ്ണാൽ വിരിഞ്ഞ മാനവും
പച്ച പട്ടു വിരിച്ച താഴ്വാരവും
എൻ സൗന്ദര്യമേ പ്രകൃതി.
നിലയ്ക്കാത്ത മോഹവുമായി എങ്ങോ നീങ്ങുന്ന മേഘവും
നിലയ്ക്കാത്ത ശബ്ദവുമായി അലയടിക്കുന്ന കടലുകളും.
എത്ര സുന്ദരമേ എൻ പ്രകൃതി.....
വിദ്യയാകുന്ന പ്രകൃതീ.....
സത്യമാകുന്ന പ്രകൃതീ.....
നീ എന്നും വിസ്മയമായിരുന്നു.

# മാതൃഭാഷയുടെ പ്രാധാന്യം

ജനിച്ച നാൾ മുതൽ നമ്മുടെ നാവിൽ അമൃതം ചൊരിയുന്ന ദിവ്യ-
ചൈതന്യമാണ് മാതൃഭാഷ. അമ്മയും പിറന്ന നാളും സ്വർഗത്തേ-
ക്കാൾ മഹാത്മ്യമാണ. അതുപോലെ തന്നെയാണ് മാതൃഭാഷ. ഒരു
കുഞ്ഞിൻെറ ആദ്യഭാഷ അവൻെറ മാതൃഭാഷയായിരിക്കും. സംഭാ-
ഷണം ചെയ്യുവാൻ മാത്രമല്ല, നമ്മുടെ സംസ്കാരം, പൈതൃകം
എന്നി-
വയുടെ വിശുദ്ധി അറിയുന്നതും മാതൃഭാഷയിലൂടെയാണ. അതുകൊ
ണ്ടുതന്നെ മാതൃഭാഷയെ മറന്നുകൊണ്ടുള്ള ഒരു സംസ്കാരവും ഒരി-
ക്കലും സമ്പന്നമാവുകയല്ല. കേരളീയരായിട്ടുള്ള നമ്മുടെ മാതൃഭാഷ
മലയാളമാണ. നമ്മെ പ്രസവിച്ച അമ്മയുടെ സ്ഥാനം
തന്നെയാണ്
മാതൃഭാഷയ്ക്കുള്ളത.

# വൈലോപ്പിള്ളി ശ്രീധരമേനോൻ

## ജീവചരിത്രം

മലയാളത്തിലെ പ്രമുഖ കവി.1911-ൽ എറണാകുള-ത്ത് ജനിച്ചു.അധ്യാപകനായിരുന്നു.കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ,മദ്രാസ് ഗവ-ൺമെന്റ് അവാർഡ്,എം.പി. പോൾ പ്രൈസ്,ഓ-ടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.1985-ൽ അന്തരിച്ചു. പ്രധാനകൃതികൾ:കുടിയൊഴിക്കൽ,കയ്പവല്ലരി,വിട,ശ്രീരേഖ,ഓണപ്പൊട്ടുകാർ,കന്നി-ക്കൊയ്ത്ത്,മകരക്കൊയ്ത്ത്,വിത്തുംകൈക്കോട്ടും,കടൽ-കാക്കകൾ,കാവ്യലോക സ്മരണകൾ.

# മഴ നനഞ്ഞൊരെൻ

# ബാല്യം

*ജീവിതം മൊട്ടിട്ടുയർന്നാർത്തു*
*പെരുകുമോരോ മഴക്കു പിന്നെ*
*എവിടെയോ പോയൊളിക്കും*
*കാശി തുമ്പകളല്ലയോ നമ്മൾ*

*മഴ വരുന്നേരമാർത്തു വിളിച്ചത്*
*നനഞ്ഞൊരെൻെറ ബാല്യം*
*ഒക്കെകണ്ടൊരു ചിരിയാർന്നു നിൽക്കുമെൻ*
*തേൻമാവു മുത്തശ്ശി പഴങ്ങളാൽ എന്നെ*
*ഒരുപാട് സൽക്കരിച്ചിരുന്നു*

# മാതൃഭാഷയുടെ പ്രാധാന്യം

ജനിച്ച നാൾ മുതൽ നമ്മുടെ നാവിൽ അമൃതം ചൊരിയുന്ന ദിവ്യ-
ചൈതന്യമാണ് മാതൃഭാഷ. അമ്മയും പിറന്ന നാളും സ്വർഗത്തേ-
ക്കാൾ മഹാത്മ്യമാണ. അതുപോലെ തന്നെയാണ് മാതൃഭാഷ. ഒരു
കുഞ്ഞിൻെറ ആദ്യഭാഷ അവൻെറ മാതൃഭാഷയായിരിക്കും. സംഭാ-
ഷണം ചെയ്യുവാൻ മാത്രമല്ല, നമ്മുടെ സംസ്കാരം, പൈതൃകം
എന്നി-
വയുടെ വിശുദ്ധി അറിയുന്നതും മാതൃഭാഷയിലൂടെയാണ. അതുകൊ
ണ്ടുതന്നെ മാതൃഭാഷയെ മറന്നുകൊണ്ടുള്ള ഒരു സംസ്കാരവും ഒരി-
ക്കലും സമ്പന്നമാവുകയല്ല. കേരളീയരായിട്ടുള്ള നമ്മുടെ മാതൃഭാഷ
മലയാളമാണ. നമ്മെ പ്രസവിച്ച അമ്മയുടെ സ്ഥാനം
തന്നെയാണ്
മാതൃഭാഷയ്ക്കുള്ളത.

# കുഞ്ചൻ നമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച കുഞ്ചൻനമ്പ്യാരെ മലയാളത്തിലെ മഹാകവിയും ഹാസ്യ ചക്രവർത്തിയു-മാണ് സാഹിത്യലോകം ആദരിക്കുന്നത. തുള്ളൽ പ്ര-സ്ഥാനത്തിൻെറ ഉപഞ്ജാതാവാണ. അദ്ദേഹം ജനിച്ച കിള്ളികുറുശ്ശിമംഗലത്തെ കലക്കത്ത് ഭവനം ഇന്ന് കുഞ്ചൻനമ്പ്യാർ സ്മാരകമായി നിലകൊള്ളുന്നു. പ്രധാനകൃതികൾ: കല്ല്യാണസൗഗന്ധികം, കിരാതം, ബാലിവിജയം

# കുമാരനാശാൻ

## ജീവചരിത്രം




1873 എപ്രിൽ 12-ന്
തിരുവനന്തപുരത്തെ
കായ്ക്കരയിൽ ജനിച്ചു . മലയാള കവിതയിൽ കൽപനിക
വസന്തത്തിന് തുടക്കം കുറിച്ച കുമാരനാശാൻ മഹാകാവ്യമെ-
ഴുതാതെ തന്നെ മഹാകവി എന്ന പദവിക്ക് അർഹനായ
കവിയാണ്. ഉദാത്തമാണ് അദ്ദേഹത്തിൻെറ ഓരോ കാവ്യ
സൃഷ്ടികളും. വീണപ്പൂവ് , കരുണ, നളിനി ,തുടങ്ങിയവ പ്രധാ-
നകൃതികൾ . മദ്രാസ്സ് സർവകലശാലയിൽ നിന്നും മഹാകവി-
സ്ഥാനവും വെയിൽസ് രാജാക്കുമാരനിൽനിന്നും പട്ടുവളയും
ലഭിച്ചു .1924 ജനുവരി 16-ന് അന്തരിച്ചു.

## നമ്മുടെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റ
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതീ  മനശ്ശാന്തി തരും
മമ ജന്മനാടേ മനോഹരീ.....

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ട കാണുമാകെ അഴകാർന്ന-
രുവികളുമതിരിൽ മേഘമേലാപ്പ -
തൊട്ടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ട പാവാടയിൽ മിന്നും
വെള്ളിനൂലിഴ പോലെ സംഖ്യം
ശീതള മാമലഞൊറിയിളകും
കേരള നദികളുമീറൻ തടങ്ങളും

മണ്ണിൽ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമ നാടേ മനോഹരീ.......!
മനസ്സിൽ നിൻ മുക്തസൗന്ദര്യം......
നുകരുന്നുഞാൻ.....

# കൂട്ടുകാരൻ

കൂട്ടുകൂടാനായെൻെറ
കൂട്ട തേടിയണഞ്ഞ
കുഞ്ഞാറ്റ കിളി
കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
ഓർമയില്ലേ....!

# മലയാള നാട്

മലയാള നാടിൻെറ മഞ്ജിമ നാട്
മലയാളമുണർന്ന നാട്....
മണ്ണിൻെറ ഗന്ധം ഉയരുന്ന നാട്
മലയാളമെങ്ങും പുണരുന്ന നാട്

കവികൾ തൻ സമരണയിൽ
ഉണരുന്ന നാട്
കൈതപ്പൂ ഗന്ധം പരക്കുന്ന നാട്
മലയാളമാണെൻെറ മാതൃഭാഷ
മുത്തുപൊഴിക്കുന്ന മാതൃ ഭാഷ
മധുരം വിളമ്പുന്ന മാതൃ ഭാഷ
കുഞ്ഞായിരുന്ന നാൾ കേട്ടഭാഷ
കുട്ടിക്കുറുമ്പുകൾ തന്ന ഭാഷ
മിന്നാമിനുങ്ങുപോൽ വെട്ടം പരത്തിയും
മിന്നി തെളിയുന്ന മാതൃഭാഷ

മഴയുടെ സംഗീതമുണരുന്ന ഭാഷ

പിരിയാതെ നെഞ്ചോട് ചേർത്തു നിർത്തും

ജീവൻ തുടിക്കുന്ന മാതൃ ഭാഷ

മലയാള നാടിൻെറ മഞ്ജിമ നാട്

മലയാളമുണരുന്ന നാട്.....

# കാനന കാഴ്ചകൾ

കുയിൽ പാട്ടിൻ ഈണം മൂളം
മൂളം കാറ്റുപോൽ മയങ്ങും കരിയിലയിൽ
വീണടയും ഹിമപാളിയായ്

വർണ്ണങ്ങൾ ചാലിച്ച ചിത്രശലഭങ്ങളാൽ
പാറിപ്പറക്കുന്ന,
പൂമ്പൊടിയുമായ് കലിതുള്ളി പായും
മലവെള്ള പാച്ചിലും

വെള്ളിച്ചിലങ്കയണിഞ്ഞ കാട്ടാറിൻ
കൊഞ്ചിച്ചിരി കേട്ടുണരും ഗജവീരനും
തുള്ളിനടപ്പു മാൻപേട കുട്ടങ്ങളാൽ
പീലി നിവർത്തിയാടും മയിലാട്ടം കൺകെയായ്

കാട്ടുപൂവിൻ സുഗന്ധം പരത്തി
തെന്നൽ തഴുകി തലോടുമ്പോൾ
മാടി വിളിക്കുന്ന മരച്ചില്ലയിൽ

ഊഞ്ഞാലാടും വാമനന്മാരും
കിന്നരം പറയും അപ്പൂപ്പൻ താടി പോൽ
കുമ്പിട്ടിരിക്കും മുത്തശ്ശി മരവും

കാടിൻ ഓർമയായ് പുതുമണം നിറഞ്ഞീടുകിൽ
അറിയാതെ പോവല്ലേ കാടിൻ മക്കളെ

എൻ മനം കവർന്നുവല്ലോ
ഈ കാനന വീഥിതൻ സൗന്ദര്യം
ഈ സ്വപ്ന യാത്രയിൽ തിരികെ-
നടക്കുവാൻ , മോഹമില്ലെന്നാലും....

# പൂള്ള മഴ

പെയിതിട്ടും പെയിതിട്ടും
മതിയാകാതെ
പേമാരിക്കരിമൂകിലേ നീ
നിന്നു ചിണുങ്ങുന്നു
നീയെ  നാട്ടിടവഴിയിൽ
നിന്നു പരുങ്ങുന്നു
നീയെ   പൂരയുടെ മൂകളിൽ
താളമടിക്കുന്നു
നീ പരതിത്തെങ്ങോലകളുടെ
തെങ്ങലൂലയിക്കുന്നു
നീയൂതിത്തളിർമാവുകളുടെ
പീലി കൊഴിക്കുന്നു
നീയിനിയും പെയാൻ നിന്നാൽ
മാരിക്കരിമൂകിലെ
ഞാനെങ്ങേനെ പോകും പറയൂ...
പള്ളിക്കൂടത്തിൽ..!

# വലിയ മനുഷ്യൻ

ഒരു നാൾ യൂറോപ്പിൽ ഒരുകുഞ്ഞു പിറന്നു. ടോകി എന്നായിരുന്നു അവൻെറ പേര. ടോകി ഒരൽഭുത കുട്ടിയായിരുന്നു. എന്തെന്നാൽ ടോകി ജനിച്ച് ഓരോ ദിവസവും വളരെ വേഗത്തിൽ അവൻ വളർന്നു. ജനിച്ച ഒരാഴ്ചയ്ക്കുള്ളിൽ അവിടത്തെ മനുഷ്യരെക്കാൾ ടോകി വളർന്നു. അവനെ കാണാൻ വിദേശത്തു നിന്നു പോലും ആളുകൾ വന്നു. അവൻെറ ചെലവ് ഗവൺമെൻ്റ വഹിച്ചു. അവി-ടുത്തെ നൂറു പേർ കഴിക്കുന്ന ആഹാരം അവൻ ഒറ്റക്ക് കഴിക്കു-മായിരുന്നു. അവൻ കാരണം രാജ്യത്ത് ദാരിദ്രം ഉണ്ടായി. അവനെ കൊല്ലാൻ ഗവൺമെൻ്റ തീരുമാനിച്ചു. അങ്ങനെയിരിക്കയാണ്, അടുത്ത രാജ്യവുമായി യൂറോപ്പ് യുദ്ധമുണ്ടായത. അന്ന് ടോകി യൂറോപ്പിനെ രക്ഷിച്ചു. ഗവൺമെൻ്റ ടോകിയെ കൊല്ലുണമെന്ന തീരുമാനം പിൻവലിച്ചു. ദാരിദ്രം രാജ്യത്തെ കീഴ്പെടുത്തി. എന്നാലും ടോകി ഓരൊ ദിവസവും വളർന്നു. അൽഭുതമെന്നൊ-ണ്ണം പിന്നീട് അവിടെ ജനിച്ച കുട്ടികളെല്ലാം ടോകിയെ പോലെ ആയിരുന്നു. ആ കുഞ്ഞുങ്ങൾ ജനിക്കുന്നതിനനുസരിച്ച് ഓരോ ചെറിയ മനുഷ്യൻ മരിച്ചു കൊണ്ടിരിന്നു.

# കേരള കലാമണ്ഡലം

കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി മഹാകവി വള്ളത്തോൾ നാരായണ മേനോൻ സ്ഥാപിച്ചതാണ് കേ-
രള കലാമണ്ഡലം.തൃശ്ശൂർ ജില്ലയിലെ ചെറുതിരുത്തി എന്ന ഗ്രാമത്തി-
ൽ ഭാരതപ്പുഴയുടെ തീരത്താണ് ഇതു സ്ഥിതി ചെയ്യുന്നത്.1930 നവംബർ 9-നാണ് കലാമണ്ഡലം പ്രവർത്തനം തുടങ്ങയത്.

മണക്കുളം മുകുന്ദ രാജാവിൻെറ സഹായത്തോ
ടെ മഹാകവി ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ കേരള സർക്കാ-
റിൻെറ കീഴീലാണ്.

കഥകളി,മോഹിനിയാട്ടം,കൂടിയാട്ടം,തുള്ളൽ, ചാക്യാർക്കൂത്ത്,പഞ്ചവാദ്യം തുടങ്ങിയ കലകൾ ഇവിടെ അഭ്യസിക്കു
ന്നു.കേരള കലാമണ്ഡഡലം ഇപ്പോൾ കൽപ്പിത സർവകലാശാലയാണ്.



# കടൽ

പൃകൃതിയുടെ മനോഹരമായ ഒരു പൃതിഭാസമാണ് കടൽ.
കടൽ ശോഭിക്കുകയും ശാ  മാവുകയും ചെയ്യും എല്ലാവരും
എത്തിച്ചേരുന്ന ഒരു സഥലമാണ് കടൽ .
കടൽ തീരത്ത് ഇരിക്കാൻ നല്ല രസമാണ്. വൈകുന്നേരങ്ങളിൽ
തണ്ണുത്ത ഇളം കാറ്റ് നമ്മെ തലോട്ടും കടൽ തിരമാലകൾ
കാണാൻ അതി മനോഹരമാണ്. വളരെ വിശാലമായ കടൽ .

# ഐ.എസ്.എൽ

ഐ.എസ്.എൽ എന്നൊരു സൂപ്പർലീഗ്
മച്ചാന്മരുടെ സൂപ്പർലീഗ്
മഞ്ഞപ്പടയും നീലപ്പട്ടും
പറങ്കിപ്പയും ചേർന്നൊരു ലീഗ്

ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ ബാഗ്ലൂർ
ഡൽഹി പൂനെ ചേർന്നൊരു സൂപർലീഗ്
വിജയത്തിലൊന്നും പ്രതീക്ഷിക്കാതെ
ഗ്രൗണ്ടിലിറങ്ങും ലീഗാണിത്
ഗോളടിക്കാൻ ബാഗ്ലൂരും സംഘവും
സമനിലവാങ്ങാൻ ഡൽഹിയും ബ്ലാസ്റ്റേഴ്സ്
തോൽവിവാങ്ങി ഡൽഹി മുന്നേറും
ഐ.എസ്സ്.എൽ എന്നൊരുസൂപ്പർ ലീഗ്
മച്ചാൻ മാരുടെ സൂപ്പർ ലീഗ്
അടിമുടിമാറി ടീമുകളെത്തുമ്പോൾ
ആവേശരായി കാണികളും

ആഹാ ആഹാ ആഹഹാ
ഓഹോ ഓഹോ ഓഹോഹോ....!



# സന്യാസിയുടെ സത്യം

ഒരു നാട് ആ നാട്ടിൽ ജീവിച്ചിരുന്ന മനുഷ്യരെല്ലാം തന്നെ സുഖവും ദുഖവും അനുഭവിക്കുന്നവരാണ്. അങ്ങനെ ഒരു ദിവസം ഒരു സന്യസി ആ നാട്ടിൽ താമസമാക്കി. ആ സന്യസി സുഖങ്ങൾ മാത്രം അസ്വദിച്ച് ജീവിക്കുന്ന മനുഷ്യരെ കണ്ട് ചേദിച്ചുനിങ്ങൾ ഇത്രയും സന്തോഷത്തോടെയും സമാധനത്തോടെ ജീവിക്കുന്നു എന്നാൽ സുഖം എന്താണെന്നും സമാധാനം എന്താണെന്നും അറിയാത്തവരും ഈ നാട്ടിൽ ജീവിക്കുന്നു. നമ്മളെല്ലാരും ഒരുമിച്ച് നിന്നാല്ലെ അവർക്കും ഇതിനൊക്കെ സാധിക്കൂ. ഇതു കേട്ട് അവർ പറഞ്ഞു ഞങ്ങൾക്ക് അർക്കും തന്നെ ഇതിനൊന്നും സമയമില്ല്ത്തവരാണ് എന്ന് പറഞ്ഞ് കൊണ്ട് പോയി. എന്നാൽ സന്യസി ആ വാക്കിന് വലിയ വിലയെന്നും വച്ചില്ല. ദു;ഖവും സുഖവും എല്ലാവരും അനുഭവിക്കുന്നത് പോലെ തന്നെ ദുരിതങ്ങളും സന്തോഷവും എല്ലാവരും അനുഭവിക്കണം എന്നതാണ് സത്യം. ഈ ലോകത്തിൽ മനുഷ്യൻ മാത്രമാണ് ഇത്തരമൊരു വ്യത്യാസം കാണിക്കുന്നത്. എല്ലാകാര്യത്തിലും സന്തോഷം കണ്ടത്താനുള്ള തിരക്കിലാണ് എല്ലാവരും. പല കാര്യങ്ങളിലും മനുഷ്യൻ അവശത കാണിക്കുന്നത്.ഇപ്പോൾ പലരും ദുരന്തമനുഭവിക്കുന്നവരാണ്. അവരെ നമ്മളാരും

കണ്ടില്ല എന്ന് നടിച്ച് കൊണ്ട് പോകുന്നു.നാളെ നമ്മൾ ഈയൊരു അവസ്ഥയിലാക്കുബോൾ അവരെ കാണും. എന്ന വലിയ മഹത്യയ സത്യമാണ് ഇവിടെ ഈ സന്യസി പറയുന്നത്.

# 1. കേരളം മലയാളിയുടെ മാതൃഭൂമി

**ലേഖനം**

1956 നവംബർ 1 ന് മലയാളിയുടെ ഏറെ നാളത്തെ ആഗ്രഹത്തിന് സാഫല്യം നൽകിക്കൊണ്ട് ഐക്യകേരളം യാഥാർത്ഥ്യമായി. തിരുവിതാംകൂറും കൊച്ചിയും മലബാറും കൂട്ടിചേർത്ത് മലയാളം സംസാരിക്കുന്നവർക്കായി കേരള സംസ്ഥാനം നിലവിൽ വന്നു. സംസാരങ്ങൾ ഭാഷാടിസ്ഥാത്തിൽ പുനർവിഭജിക്കണമെന്ന അഭിപ്രായം 1928 ൽ എറണാകുളത്ത് നടന്ന നാട്ടുരാജ്യപ്രജാസമ്മേളനവും അഖിലകേരള കുടിയാൻ സമ്മേളനവും പയ്യന്നൂർ രാഷ്ട്രീയ സമ്മേളനവും ഐക്യകേരളമെന്ന ആവശ്യം ഉന്നയിച്ചു.1938 ൽ തിരുവന്തപുരത്ത് തിരുവിതാംകൂർ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖത്തിൽ പട്ടാഭി സീതാരാമൻെറ അധ്യക്ഷത്തിൽ നടന്ന സമ്മേളനം തിരുവിതാംകൂർ,കൊച്ചി,മലബാർ എന്നിവ ചേർന്ന ഒരു ഒപഫെഡറൽ സംസ്ഥാനം വിഭാവന ചെയ്തു കൊണ്ടുള്ള പ്രമേയം അംഗീകരിച്ചു. 1945 ജൂലായ് 29 ന് കൊച്ചി നിയമസഭയ്ക്ക് നൽകിയ സന്ദേശത്തിൽ കൊച്ചിരാജാവ് ഐക്യകേരളപ്രസ്ഥാനത്തിന് പിന്തുണ നൽകുകയും ജനങ്ങളുടെ പൊതുനന്മയ്ക്ക് വേണ്ടിയുള്ള അത്തരമൊരു സംസ്ഥാനത്തിൽ കൊച്ചിയെ ലയിപ്പിക്കാൻ സന്നദ്ധനാവുകയും ചെയ്തു. ഐക്യകേരള പ്രസ്ഥാനം ശക്തമാക്കുന്നതിനായി 1946 ൽ കെ.പി.സി.സി ഒരു ഉപസമിതിക്ക് രൂപം നൽകി. ഇതിൻെറ

യോഗം കെ.പി കേശവമേനോൻെറ അധ്യക്ഷതയിൽ ചെറുതുരുത്തിൽ നടന്നു.മഹാകവി വള്ളത്തോൾ ഉൾപ്പെടെ പ്രമുഖവ്യക്തികൾ പങ്കെടുത്ത യോഗം തീരുമാനം അനുസരിച്ച് 1947 ൽ തൃശ്ശൂരിൽ വച്ച് കെ.കേളപ്പൻെറ അധ്യക്ഷതയിൽ ഐക്യകേരളമഹാസമ്മേളനം നടന്നു.

സാംസ്കാരിക സംഘടനകളെയും രാഷ്ട്രീയകക്ഷികളെയും പ്രതിധാനം ചെയ്ത് കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിനാളുകൾ പങ്കെടുത്ത ഈ സമ്മേളനത്തിൽ വച്ച് കൊച്ചിരാജാവ് കേരളവർമ്മ ഐക്യകേരളത്തിന് പിന്തുണ പ്രഖ്യാപിച്ചു.ഐക്യകേരളം എത്രയും വേഗം സ്ഥാപിക്കണം എന്ന പ്രമേയം അവതരിപ്പിച്ചത് ഇ.മൊയ്തുമൗലവിയാണ്.പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു.പ്രവർത്തനങ്ങൾക്കായി 100 അംഗ സമിതിയെ തിരഞ്ഞെടുത്തു.


2. 1948 ലെ ഐക്യകേരള പ്രതിനിധി സമ്മേളനം ആലുവയിൽ ആണ് നടന്നത്. പ്രവർത്തകസമിതിയുടെ കെട്ടുറപ്പുള്ള പ്രവർത്തനത്തിനായി അംഗങ്ങളുടെ എണ്ണം 100 ൽ നിന്ന് 15 ആക്കി കുറച്ചു. പ്രസിഡണ്ട് കെ.കേളപ്പൻ സെക്രട്ടറി കെ.എ ദാമോദരമേനോൻ ഇന്ത്യൻ ഭരണഘടന നിർമാണസമിതി സംസ്ഥാന പുനർ വിഭജന പ്രശ്നം

# 3. ഇടശ്ശേരി ഗോവിന്ദൻ നായർ

[ജീവചരിത്രക്കുറിപ്പ്]

പൊന്നാനിയിൽ ജനനം. കൂട്ടുകൃഷി, പുത്തൻകലവും അരിവാളും, കാവിലെ പാട്ട്, ഭൂതപ്പാട്ട്, ഒരു പിടി നെല്ലിക്ക, അന്തിത്തിരി, കറുത്തചെട്ടിച്ചികൾ- എന്നിവ പ്രധാനകൃതികൾ. മലബാറിലെ കേന്ദ്രകലാസമിതിയുടെ പ്രസിഡൻ്റ്, സാഹിത്യ പ്രവർത്തകസഹകരണ സംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.

4. **ഭാഷാപിതാവിന് പ്രണാമം**




ആധുനിക മലയാളഭാഷയുടെ പിതാവായ
തുഞ്ചത്ത് രാമാനുജൻഎഴുത്തച്ഛൻ മലപ്പുറം ജില്ലയിലെ
തിരൂർ തുഞ്ചത്ത് പറമ്പിലാണ് ജീവിച്ചിരുന്നത്.
അദ്ദേഹം ജീവിച്ചത് 16-ാം നൂറ്റാണ്ടിലാണ്.
ഭക്തിപ്രസ്ഥാനത്തിൻെറയും കിളിപ്പാട്ട് പ്രസ്ഥാനത്തിൻെറയും
ഉപജ്ഞാതാവ് മാത്രമല്ല എഴുത്തച്ഛൻ സമ്പാവന നൽകിയത്
ജീർണതയിലാണ്ട് ഒരു സമൂഹത്തെ സാംസ്കാരികമായി
ഉയർത്തുകയും ചെയ്ത മഹത്മാവാണ് എഴുത്തച്ചൻ .
അദ്ധ്യാത്മരാമായണം,കിളിപ്പാട്ട്,മഹാഭാരതം,
ഹരിനാമകീർത്തനം എന്നിവയാണ് പ്രതാനക്രതികൾ.

5.



6.


വിജ്ഞാന ലോകം
2017

# അകത്തളം

[ആസ്വാദനം]

തകഴിയുടെ 'അകത്തളം" എന്ന കഥ ഞാൻ അധികം ആസ്വദിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തു. ഇതോടൊപ്പം തന്നെ ഈ കഥയിൽ നാടകം ആത്മകഥ യാത്രവിവരണം എന്നീ ഭാഗവും എനിക്ക് വളരെ അധികം ഇഷ്ടപ്പെട്ടു . ജീവിതത്തിൻെററ പുറത്തളങ്ങളിൽ നിന്നും തുല്യവും വ്യത്യസ്തമാണ് അകത്തളങ്ങൾ . പുറമേക്ക ശാന്തവും സുന്ദരവുമായി തോന്നുന്ന ദാമ്പത്യ ബന്ധങ്ങളുടെ ഉള്ളിലേക്കിറങ്ങി നോക്കുമ്പോൾ വലിയ കാറ്റും കോളും  തകർക്കുന്നതും താണാൻ തഴിയും . വിവാഹിതരായ് ഓരോ സ്ത്രീയും പുരുഷനും പോലും കഥയും വായ്ക്കുന്നു. സുശീലയും ക്രൃഷ്ണൻെററയും ദാമ്പത്ത്യ ജീവിതത്തി - ൻെററ അകത്തഴളത്തിലേക്ക് കടന്നു കൊണ്ട ജീവിതത്തിൻെററ ഊട്ടും പാവും പരിശോധിക്കുന്ന അദിസുന്ദരമായ ക്രിതിയാണ് അകത്തളം .

# 8. സന്യാസിയുടെ സത്യം

9. ഒരു നാട് ആ നാട്ടിൽ ജീവിച്ചിരുന്ന മനുഷ്യരെല്ലാം തന്നെ സുഖവും ദുഖവും അനുഭവിക്കുന്നവരാണ്. അങ്ങനെ ഒരു ദിവസം ഒരു സന്യസി ആ നാട്ടിൽ താമസമാക്കി. ആ സന്യസി സുഖങ്ങൾ മാത്രം അസ്വദിച്ച് ജീവിക്കുന്ന മനുഷ്യരെ കണ്ട് ചേദിച്ചുനിങ്ങൾ ഇത്രയും സന്തോഷത്തോടെയും സമാധനത്തോടെ ജീവിക്കുന്നു എന്നാൽ സുഖം എന്താണെന്നും സമാധാനം എന്താണെന്നും അറിയാത്തവരും ഈ നാട്ടിൽ ജീവിക്കുന്നു. നമ്മളെല്ലാരും ഒരുമിച്ച് നിന്നാല്ലെ അവർക്കും ഇതിനൊക്കെ സാധിക്കു. ഇതു കേട്ട് അവർ പറഞ്ഞു ഞങ്ങൾക്ക് അർക്കും തന്നെ ഇതിനൊന്നും സമയമില്ല്ത്തവരാണ് എന്ന് പറഞ്ഞ് കൊണ്ട് പോയി. എന്നാൽ സന്യസി ആ വാക്കിന് വലിയ വിലയെന്നും വച്ചില്ല. ദു;ഖവും സുഖവും എല്ലാവരും അനുഭവിക്കുന്നത് പോലെ തന്നെ ദുരിതങ്ങളും സന്തോഷവും എല്ലാവരും അനുഭവിക്കണം എന്നതാണ് സത്യം. ഈ ലോകത്തിൽ മനുഷ്യൻ മാത്രമാണ് ഇത്തരമൊരു വ്യത്യാസം കാണിക്കുന്നത്. എല്ലാകാര്യത്തിലും സന്തോഷം കണ്ടത്താനുള്ള തിരക്കിലാണ് എല്ലാവരും. പല കാര്യങ്ങളിലും മനുഷ്യൻ അവശത കാണിക്കുന്നത്.ഇപ്പോൾ പലരും ദുരന്തമനുഭവിക്കുന്നവരാണ്. അവരെ നമ്മളാരും

കണ്ടില്ല എന്ന് നടിച്ചു കൊണ്ട് പോകുന്നു.നാളെ നമ്മൾ ഈയൊരു അവസ്ഥയിലാക്കുമ്പോൾ അവരെ കാണും. എന്ന വലിയ മഹത്യയ സത്യമാണ് ഇവിടെ ഈ സന്യാസി പറയുന്നത്.